**ഭാരതീയ റിസർവ് ബാങ്ക്**

www.rbi.org.in

ആർബിഐ/2020-21/18
ഡിഒആർ.നം.ബിപി.ബിസി/5/21.04.201/2020-21

ഓഗസ്റ്റ് 6, 2020

എല്ലാ ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകൾക്കും
(ലോക്കൽ ഏരിയ ബാങ്കുകൾ, റീജിയണൽ റൂറൽ ബാങ്കുകൾ ഒഴികെ)

പ്രിയപ്പെട്ട സർ/ മാഡം,

**ബേസൽ III മൂലധന ചട്ടങ്ങൾ- ഡെബ്റ്റ് മ്യൂച്ചൽ ഫണ്ടുകൾ / ഇടിഎഫ്-കൾ എന്നിവയുടെ കൈകാര്യരീതി**

ബേസൽ III മൂലധനചട്ടങ്ങളെക്കുറിച്ചുള്ള 2015 ജൂലൈ 1-ാം തീയതിയിലെ ഞങ്ങളുടെ സർക്കുലർ ഡിബിആർ.നം.ബിപി.ബിസി.1/21.06.201/2015-16 ദയവായി പരിശോധിക്കുക.

**2.** സർക്കുലറിന്റെ ഖണ്ഡിക 8.4.1. പ്രകാരം ഓഹരികൾക്കായുള്ള മൂലധന ബാധ്യത മ്യൂച്ചൽ ഫണ്ടുകളുടെ യൂണിറ്റുകൾക്ക് ബാധകമാണ്. ബാധ്യതപ്പെട്ടിരിക്കുന്ന

i. കേന്ദ്ര, സംസ്ഥാന, വിദേശസർക്കാർ ബോണ്ടുകൾ
ii. ബാങ്കുകളുടെ ബോണ്ടുകൾ
iii. കോർപ്പറേറ്റ് ബോണ്ടുകൾ (ബാങ്ക് ബോണ്ടുകൾ ഒഴികെയുള്ളവ) എന്നീ മ്യൂച്ചൽ ഫണ്ട് / എക്സ്ചേഞ്ച് ട്രേഡഡ് ഫണ്ട് (ഇടിഎഫ്) എന്നിവയിൽ നിക്ഷേപം നടത്തുന്ന ബാങ്കുകൾ താഴെപ്പറയും പ്രകാരം വിപണിയിലെ നഷ്ടസാധ്യതയുടെ പേരിൽ മൂലധന ബാധ്യത കണക്കുകൂട്ടേണ്ടതാണ് എന്ന് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നു.

എ) സമ്പൂർണ്ണമായ ഘടക ഗുണ വിവരങ്ങൾ ലഭ്യമായ ഡെബ്റ്റ് മ്യൂച്ചൽ ഫണ്ട് /ഇടിഎഫ് എന്നിവ ഇതുവരെ ഉണ്ടായിരുന്നത് പോലെ തന്നെ 9 ശതമാനം വിപണിനഷ്ട സാധ്യതയ്ക്ക് വകയിരുത്തേണ്ടതാണ്. വ്യത്യസ്ത തരത്തിലുള്ള നിക്ഷേപങ്ങൾക്ക് താഴെപ്പറയും

പ്രകാരത്തിലുള്ള മൂലധന ബാധ്യത നഷ്ടസാധ്യതയുടെ അടിസ്ഥാനത്തിൽ ബാധകമായിരിക്കും.

| **ക്രമ നമ്പർ** | **ഡെബ്റ്റ് സെക്യൂരിറ്റികളുടെ / പുറപ്പെടുവിക്കുന്നവരുടെ പ്രകൃതം** | **പിൻതുടരേണ്ട പട്ടിക (വിശദവിവരങ്ങൾ അനുബന്ധത്തിൽ)** |
|---|---|---|
| എ | കേന്ദ്ര, സംസ്ഥാന, സർക്കാരുകളുടെയും വിദേശകേന്ദ്ര സർക്കാരുകളുടെയും ബോണ്ടുകൾ | പട്ടിക 16 - പാർട്ട് ബി |
| ബി | ബാങ്കുകളുടെ ബോണ്ടുകൾ | പട്ടിക 16 -പാർട്ട് ഡി |
| സി | കോർപ്പറേറ്റ് ബോണ്ടുകൾ (ബാങ്ക് ബോണ്ടുകൾ അല്ലാതെയുള്ളവ) | പട്ടിക 16 - പാർട്ട് ഇ (ii) |

ബി) മുകളിൽപ്പറഞ്ഞിരിക്കുന്ന കടപ്പത്രങ്ങളുടെ ഒരു മിശ്രിതത്തെ ഉൾക്കൊള്ളുന്ന ഡെബ്റ്റ് മ്യൂച്ചൽ ഫണ്ട് / ഇടിഎഫ് എന്നിവയുടെ കാര്യത്തിൽ നിശ്ചിത നഷ്ടസാധ്യതക്കായുള്ള മൂലധന ബാധ്യത കണക്കുകൂട്ടുന്നത് ഏറ്റവും താണ മതിപ്പുള്ള ഡെബ്റ്റ് ഇൻസ്ട്രമെന്റ്/ ഫണ്ടിൽ ഏറ്റവുമേറെ നിശ്ചിത നഷ്ട സാധ്യതയുള്ള മൂലധന ബാധ്യതയ്ക്ക് വശംവദമായ ഇൻസ്ട്രമെന്റിന്റെ അടിസ്ഥാനത്തിലായിരിക്കും.

സി) ഘടക ഋണ വിവരങ്ങൾ ലഭ്യമല്ലാത്ത ഡെബ്റ്റ് മ്യൂച്ചൽ ഫണ്ട് / ഇടിഎഫ് എന്നിവ ഏറ്റവും കുറഞ്ഞപക്ഷം ഓരോ മാസാന്ത്യത്തിലെ നിലയിലെങ്കിലും മാസ്റ്റർ സർക്കുലർ ഓൺ ബേസൽ III ക്യാപ്പിറ്റൽ റഗുലേഷൻസ് ഖണ്ഡിക 8.4.1 യിൽ നിർദ്ദേശിച്ചിരിക്കും പ്രകാരം വിപണിനഷ്ടസാധ്യതയ്ക്കായുള്ള മൂലധനബാധ്യത കണക്കാക്കുന്നതിലേയ്ക്ക് ഓഹരിയ്ക്ക് നൽകുന്ന പരിഗണനയ്ക്ക് തുല്യമായ പരിഗണനയിൽ തുടരുന്നതായിരിക്കും.

താങ്കളുടെ വിശ്വസ്തതയുള്ള

(സൗരവ് സിൻഹ)
ചീഫ് ജനറൽ മാനേജർ - ഇൻ-ചാർജ്

## അനുബന്ധം

## പട്ടിക 16 - പാർട്ട് ബി. ഇന്ത്യൻ-വിദേശ ഭരണകൂടങ്ങൾ പുറപ്പെടുവിച്ച കടപ്പത്രങ്ങളുടെ നഷ്ടസാധ്യതാടിസ്ഥാനത്തിലുള്ള മൂലധനബാധ്യത.

| ക്രമനമ്പർ | നിക്ഷേപത്തിന്റെ ഇനം | ശേഷിപ്പ് കാലാവധി | നിശ്ചിത നഷ്ടസാധ്യത മൂലധനം (സംഭവ്യമായ പരമാവധി നഷ്ടത്തിന്റെ % എന്നീ നിലയിൽ) |
|---|---|---|---|
| 1 | കന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കടപ്പത്രങ്ങളിലെ നിക്ഷേപം | എല്ലാം | 0.00 |
| 2 | കേന്ദ്രസർക്കാരിന്റെ ഉറപ്പുള്ള മറ്റ് അംഗീകൃത കടപ്പത്രങ്ങളിലെ നിക്ഷേപം | | 0.00 |
| 3 | സംസ്ഥാന സർക്കാരിന്റെ ഉറപ്പുള്ള മറ്റ് അംഗീകൃത കടപ്പത്രങ്ങളിലെ നിക്ഷേപം | എല്ലാം | 1.80 |
| 4 | കേന്ദ്രസർക്കാർ പലിശയും മുതലും ഉറപ്പ് നൽകിയിട്ടുള്ള മറ്റ് കടപ്പത്രങ്ങളിലെ നിക്ഷേപം | | 0.00 |
| 5 | സംസ്ഥാന സർക്കാർ പലിശയും മുതലും ഉറപ്പ് നൽകിയിട്ടുള്ള മറ്റ് കടപ്പത്രങ്ങളിലെ നിക്ഷേപം | എല്ലാം | 1.80 |
| **ബി** | **വിദേശ കേന്ദ്രസർക്കാരുകൾ** | | |
| 1 | എഎഎ - എ എ | എല്ലാം | 0.00 |
| 2 | എ | എല്ലാം | 1.80 |
| 3 | ബിബിബി | എല്ലാം | 4.50 |
| 4 | ബിബി - ബി | എല്ലാം | 9.00 |
| 5 | ബി യ്ക്ക് താഴെ | എല്ലാം | 13.50 |
| 6 | മതിപ്പ് ഇടാത്തവ | എല്ലാം | 9.00 |

## പട്ടിക 16 - പാർട്ട് ഡി- ബാങ്കുകൾ പുറപ്പെടുവിച്ച കടപ്പത്രങ്ങളുടെ നഷ്ടസാധ്യതയ്ക്കെതിരെയുള്ള മൂലധനബാധ്യത.

| | നഷ്ടസാധ്യതയ്ക്കെതിരെയുള്ള നിശ്ചിത മൂലധന ബാധ്യത | | | |
|---|---|---|---|---|
| | എല്ലാ ഷെഡ്യൂൾഡ് ബാങ്കുകളും (കൊമേഴ്സ്യൽ, റീജിയണൽ റൂറൽ ബാങ്കുകൾ, ലോക്കൽ ഏരിയ ബാങ്കുകൾ കോ-ഓപ്പറേറ്റീവ് ബാങ്കുകൾ) | | ഷെഡ്യൂൾഡ് അല്ലാത്ത എല്ലാ ബാങ്കുകളും (കൊമേഴ്സ്യൽ, റീജിയണൽ റൂറൽ ബാങ്കുകൾ, ലോക്കൽ ഏരിയ ബാങ്കുകൾ കോ-ഓപ്പറേറ്റീവ് ബാങ്കുകൾ) | |
| **കോമൺ ഇക്വറ്റി ടയർ 1 ക്യാപ്പിറ്റൽ (സിഇടി 1)- ഇൻവെസ്റ്റി ബാങ്കിന് ബാധകമായ ക്യാപ്പിറ്റൽ കൺസർവേഷൻ ബഫർ സിസിബി (%) ഉൾപ്പെടെ)** | **മൂലധന പത്രങ്ങളിലെ (ഓഹരിയൊഴികെ) നിക്ഷേപങ്ങൾ - ഖണ്ഡിക 5.6.1 (i) ൽ പരാമർശിച്ചവ** | **മറ്റ് എല്ലാ ക്ലെയിമുകളും** | **മൂലധന പത്രങ്ങളിലെ (ഓഹരിയൊഴികെ) നിക്ഷേപങ്ങൾ- ഖണ്ഡിക 5.6.1 (i) ൽ പരാമർശിച്ചവ** | **മറ്റ് എല്ലാ ക്ലെയിമുകളും** |
| 1 | 2 | 3 | 4 | 5 |
| ബാധകമായ ഏറ്റവും കുറഞ്ഞ സിഇടി1 + ബാധകമായ സിസിബി-യും അതിന് മുകളിലും | 11.25 | 1.8 | 11.25 | 11.25 |
| ബാധകമായ ഏറ്റവും കുറഞ്ഞ സിഇടി1 + ബാധകമായ സിസിബി-75% വും ബാധകമായ സിസിബിയുടെ <100% വും | 13.5 | 4.5 | 22.5 | 13.5 |
| ബാധകമായ ഏറ്റവും കുറഞ്ഞ സിഇടി 1 + സിസിബി = 50% വും ബാധകമായ സിസിബിയുടെ <75% വും | 22.5 | 9 | 31.5 | 22.5 |
| ബാധകമായ ഏറ്റവും കുറഞ്ഞ സിഇടി1 + സിസിബി = 0% വും | 31.5 | 13.5 | 56.25 | 31.5 |

| | | | | |
|---|---|---|---|---|
| ബാധകമായ സിസിബിയുടെ <50% വും | | | | |
| ബാധകമായ ഏറ്റവും കുറഞ്ഞതിലും കുറവ് സിഇടി- 1 | 56.25 | 56.25 | പൂർണ്ണമായ കുറയ്ക്കൽ* | 56.25 |

* (കുറയ്ക്കൽ നടത്തേണ്ടുന്നത് കോമൺ ഇക്വിറ്റി ടയർ 1 മൂലധനത്തിൽ നിന്നായിരിക്കണം)

## പട്ടിക 16 - പാർട്ട് ഇ (ii): ബാങ്ക് ബോണ്ടുകൾ ഒഴികെയുള്ള കോർപ്പറേറ്റ് ബോണ്ടുകൾക്കായി നഷ്ടസാധ്യതയ്ക്കെതിരെയുള്ള നിശ്ചിത മൂലധനബാധ്യത.

| ഇസിഎഐ* യുടെ റേറ്റിങ് | നിശ്ചിത മൂലധന ബാധ്യത |
|---|---|
| എഎഎ | 1.8 |
| എഎ | 2.7 |
| എ | 4.5 |
| ബിബിബി | 9.0 |
| ബിബി യും അതിന് താഴെയും | 13.5 |
| റേറ്റ് ചെയ്യാത്തത് | 9.0 |

* ഇന്ത്യൻ റേറ്റിങ് ഏജൻസികൾ / ഇസിഎഐ അല്ലെങ്കിൽ വിദേശ റേറ്റിങ് ഏജൻസികൾ തീരുമാനിച്ച റേറ്റിങുകളെയാണ് ഈ റേറ്റിങ്ങുകൾ സൂചിപ്പിക്കുന്നത്. വിദേശ ഇസിഎഐ-കളുടെ കാര്യത്തിൽ ഇവിടെ നൽകിയിരിക്കുന്ന റേറ്റിങ് ചിഹനങ്ങൾ സ്റ്റാൻഡേഡ്, പുവർ എന്നിവയ്ക്ക് സദൃശമാണ്. പ്രധാന റേറ്റിങ് ഏജൻസികൾ ഉൾപ്പെടുത്തിയവയാണ് '+' അല്ലെങ്കിൽ ''-'' എന്നീ മാറ്റങ്ങൾ-